63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 639 Participant Code: 341

ഒന്ന് കേൾക്കൂ

നക്ഷത്രങ്ങളാൽ തിളക്കമേറിയ
ആ രാത്രിയിൽ.....
ദൂരെദൂരെനിന്നാവിടവൻ-
നോക്കികണ്ടുനിന്നു
ചേതനയറ്റ തൻ ശരീരം ദർശിച്ച്-
അടുത്തുനിന്ന
ദൈവത്തോടായവൻ ചോദിച്ചു...
ഞാൻ മരിച്ചല്ലേ.....

ഒരു ചെറുപുഞ്ചിരിയ-
വനുത്തരമായ് ദൈവം കൊടുത്തു
ആ മൃഗമെന്റെ
ജീവനപഹരിച്ചു.....
ഞാനെന്തുതെറ്റിനോട്
ചെയ്തു ?...
പരാതിയോടൊപ്പമവന്റെ
നയനങ്ങളും നിറഞ്ഞു...

കരഞ്ഞുകലങ്ങിയ അവന്റെ മുഖം
തന്റെ കൈകളാൽ തലോടിക്കൊണ്ട-
വനോടായി ദൈവം പറഞ്ഞു.
കാട് കയ്യേറി വീട്കെട്ടിപ്പടുത്ത്
കാട് നിന്റെ വീടാക്കിമാറ്റിയതെന്തിന്?
ഇന്നലെമഴയാലും ചുടുകണ്ണീരാലും
നിൻ വീട് നിറഞ്ഞു...
പക്ഷെ, നിൻ വീട്ടുകാർ കേട്ടിരുന്നോ..
ഒരു പാവത്തിന്റെ രോദനം...
ആ മിണ്ടാപ്രാണിയുടെ രോദനം...
സ്വസുഖംമാത്രംനോക്കി ജീവിച്ച മനുഷ്യാ...
ഇനി അവർ പറയട്ടെ...
ആ മിണ്ടാപ്രാണികൾ പറയട്ടെ...
നീയൊന്നു ചെവിയോർക്കൂ...
പ്രാണവേദനയാൽ പിടയുന്ന
അവരുടെ കണ്ണുകൾ
നിൻഹൃദയംകൊണ്ടുനീ ദർശിക്കൂ...

വേർപാടിന്റെ കഥകേൾക്കൂ....
ക്രൂരമർദനത്തിന്റെ കഥകേൾക്കൂ...
തീരാവേദനയുടെ കഥകേൾക്കൂ...
മനസ്സിലെ മുറിവിന്റെ കഥകേൾക്കൂ...
അല്ലയോ മനുഷ്യാ...
ഇനി നീ ചിന്തിക്കൂ....
ഒരു ഭ്രാന്തനെപോലെ ചിന്തിക്കൂ...
തെറ്റുചെയ്തതും നീയല്ലേ....
കൊലചെയ്തതും നീയല്ലേ...
അവരുടെവേദനയെന്തേ –
നീ കേൾക്കാതെപോയ്?
അവർപിടയുന്നതെന്തേ
നീ കാണാതെപോയ്?
നീയത് കേട്ടിരുന്നെങ്കിൽ....
നീയത് കണ്ടിരുന്നെങ്കിൽ...
ഒരുകൂട്ടം മിണ്ടാപ്രാണികളി-
ലോകത്തോട് വിടപറയില്ലായിരുന്നു....

# ഇനി അവർ പറയട്ടെ

വൃദ്ധസദനത്തിൻ കോണിപ്പടി -
കെട്ടുകൾക്കടിയിൽ നിന്നുയരുന്നു
അമ്മതൻ തേങ്ങിക്കരയൽ...
ഇരുട്ടിന്റെ, മധ്യത്തിലത് വാവിട്ടുകരയലിലേക്കും...

തലകുനിച്ചു കുനിക്കൂടിനിന്ന്
മഞ്ഞളിച്ച കൊങ്ങിണിയും, ആ മണിമുല്ലയും
അമ്മതൻ അലമുറകൾകേട്ടങ്ങനെ
ഞെട്ടിത്തരിച്ചാകെ നിൽക്കുകയായ്

അരുണന്റെ, കിരണങ്ങൾ ജാ-
ലകക്കമ്പിക്കിടയിലൂടെ അമ്മതൻ
കണ്ണുനീരിനെ ചെങ്കടലിൽ
ആഴ്ത്തുകയാണിപ്പോൾ

മക്കൾതൻ സ്നേഹത്തിൻ-
അമൃതം നുകരുവാൻ കൊതിയാകുന്നു -

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എന്നാ വിവരം മധുപങ്ങളെ
കൈ ഞട്ടി വിളിച്ചിട്ടമ്മ ഓതുകയായ്...

അയ്യോ! അത് മുല്ലയിലും പിച്ചി-
യിലും വാടാർമുല്ലയിലും ഇല്ലല്ലോ.....
കൈമലർത്തുന്നു കൊച്ചു മധുപ-
ങ്ങൾ

അമ്മതൻ കണ്ണീരിൻ ഗന്ധം ലഭി-
ച്ചോരാ ഉണങ്ങിക്കരിഞ്ഞ പടർവള്ളിയും
ജാലകകമ്പിക്കിടയിലൂടെ മന്ദം, മന്ദം
നോക്കുകയായ്.

തൻ മണിക്കുട്ടനെയും, ഉണ്ണിക്കുട്ടനെയും
കാത്ത് ഏങ്ങിവലിഞ്ഞുള്ള നോട്ടവും....
ആരും വരുന്നില്ലെന്ന മട്ടിൽ കൊങ്ങിണികൾ
തലയാട്ടുകയായ് നിശ്ചലം.

അമ്മയുടെ വേവലാതികളും, സങ്കടങ്ങളും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram
63-ാമത് കേരള സ്കൂൾ കലോത്സവം 2025 തിരുവനന്തപുരം
Item Code: 639 Participant Code: 336

എല്ലാം കേട്ടിരിക്കാനിന്നവസരം
റാണിമാർ ചെമ്പകത്തിനു തന്നെയല്ലോ!
കേട്ടു കേട്ടു മടുത്ത കഥകൾ അമ്മതൻ
ആശ്വാസത്തിനായ് കേട്ടിരിക്കുകയാണാ പൂവാടിയാകെയും.....

മക്കൾതൻ കുട്ടിക്കാലകഥകൾ വീണ്ടും... വീണ്ടും
കേട്ടിരിക്കുകയാണാ, പിച്ചിയും, മുല്ലയും, ചെമ്പകവും
ആ കൊച്ചു പനീർവള്ളിയും പിന്നെ തൊട്ടുതലോടി
ആശ്വസിപ്പിക്കുകയുമാണങ്ങനെ..

പൂക്കളേവരും പരസ്പരം മന്ത്രിക്കുകയായ്...
ഇനി അവർ പറയട്ടെ, 'ഈ സ്നേഹത്തിൻ നിറകുടം
വിണ്ടുടച്ചിട്ട് ആത്മസംതൃപ്തി അണഞ്ഞുവോ നിങ്ങൾ?
ഇനി അവർ തന്നെ പറയണം, അമ്മയെ വൃദ്ധസദനത്തിൽ
കൊണ്ടെറിഞ്ഞപ്പോഴെങ്കിലും ജന്മസാഫല്യം കൈവരിച്ചുവോ നിങ്ങൾ?

ഇത് ശ്രവിച്ചിട്ട് പൊട്ടിക്കരഞ്ഞമ്മ,
മന്ത്രിച്ചു... 'ഇനി അവർ പറയട്ടെ'... 'അമ്മ' എന്ന
രണ്ടക്ഷരത്തിനർത്ഥമെന്തെന്ന്.......